(ബി) & (സി) രജിസ്ട്രേഷൻ ലഭിച്ച തീയതി 20-12-2002 മുതൽ നോർക്ക-റൂട്ട്സ് പ്രവർത്തനം ആരംഭിച്ചു. ഇതുവരെ 100 രൂപയുടെ 30003 ഓഹരികളാണ് ഇഷ്യൂ ചെയ്തിട്ടുള്ളത്. ഇതിൽ മൂന്ന് ഓഹരികൾ ചെയർമാൻ, ചീഫ് എക്സിക്യൂട്ടിവ്, നോർക്ക വകുപ്പ് സെക്രട്ടറി എന്നിവർക്കാണ് ഇഷ്യൂ ചെയ്തിരിക്കുന്നത്. 100 രൂപയുടെ 10,000 ഓഹരികൾ വീതം ഗവൺമെന്റിനും ശ്രീ എം. എ. യൂസഫലിക്കും അഡ്വ. സി. കെ. മേനോനും അനുവദിച്ചിട്ടുണ്ട്.

(ഡി) മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിരിക്കുന്നു. † നോർക്ക-റൂട്ട്സിന് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഇല്ല.

സ്മാർട്ട് സിറ്റി പ്രോജക്ട്

143 [1703] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ട് നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ?

ഉത്തരം

സ്മാർട്ട് സിറ്റി പ്രോജക്ട് നടപ്പാക്കുന്നതിൽ തടസ്സമൊന്നുമില്ല. ഡി.ഐ.സി.യു. മായി ചർച്ചകൾ പുരോഗമിച്ച് വരുന്നു.

ഗതാഗതനിയമങ്ങൾ ലംഘിച്ചവർക്കെതിരെ കേസ്

144 [1704] *ശ്രീ. സാജുപോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2004-2005 വർഷത്തിൽ പോലീസ് നടത്തിയ വാഹന പരിശോധനയിലൂടെ വാഹനഗതാഗത നിയമങ്ങൾ ലംഘിച്ച എത്രപേർക്കെതിരെ കേസെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ പിഴ ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്രയാണ്;

(സി) കേസിൽ പ്രതിയാക്കപ്പെട്ടവരുടേയും ഈടാക്കിയ പിഴ സംഖ്യയുടേയും ജില്ലതിരിച്ചുള്ള (സിറ്റി റൂറൽ ഉൾപ്പെടെ) കണക്ക് അറിയിക്കാമോ?

ഉത്തരം

(എ) 9,58,901 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്.

(ബി) 11,56,00,243 രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly